ക്കാവുന്ന വിധത്തിലുള്ള പരാതി കിട്ടിയാൽ അതിന്റെ പേരിൽ കർശന നടപടി സ്വീകരിക്കും. പക്ഷേ വന്നിരിക്കുന്നത് നിക്ഷേപം തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ്. അവർ നടത്തുന്നത്. ഒരു നിയമപ്രശ്നമാക്കി മാറ്റുന്നതിനോ കേസ്സാക്കി മാറ്റുന്നതിനോ പൊതുവെ താൽപ്പര്യം ഇതുവരെ കാണിച്ചിട്ടില്ല. ഇങ്ങനെയുള്ളവർ പരാതി തന്നാൽ ആ പരാതിയുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(4) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ശങ്കരൻ എന്ന ആളിന്റെ ദുരൂഹ മരണം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കല്ലടിക്കോട് ചൂരക്കാട് ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 57 വയസ്സുള്ള ശങ്കരനെ 23.5.2005-ന് രാവിലെ 9 മണിക്ക് സത്രംകാവ് പുഴയുടെ തീരത്ത് മരിച്ചുകിടക്കുന്ന നിലയിൽ കാണപ്പെട്ടത് സംബന്ധിച്ച ദുരൂഹത നീക്കി മരണ കാരണം പുറത്തുവരണം എന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിൽ മരണ കാരണം കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ടിനു ശേഷം എന്നാണ് കാണുന്നത്. ശവശരീരം പൂർണ്ണ നഗ്നമായിട്ടാണ് കാണപ്പെട്ടത്. പല സ്ഥലത്തും മുറിവുകളുണ്ടായിരുന്നു. കവിളും മൂക്കും പാടെ തകർന്ന നിലയിലുള്ള ജഡം ഭീതിയുളവാക്കുന്ന അവസ്ഥയിലായിരുന്നു. ഒറ നോട്ടത്തിൽ തന്നെ മരണം സ്വാഭാവികമല്ല എന്ന് ആർക്കും മനസ്സിലാകുന്ന രൂപത്തിലായിരുന്നു. ഭീകരമായ കാഴ്ചയായിരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സ്വാഭാവികമല്ലാത്ത മരണം എന്ന് പറഞ്ഞിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് ഇതേവരെ ഒരു അന്വേഷണവും ഉണ്ടായിട്ടില്ല. സംഭവസ്ഥലത്ത് ഒരു അനധികൃത കള്ളുഷാപ്പ് പ്രവർത്തിക്കുന്നുണ്ട്. സംഭവത്തിന്റെ തലേദിവസം ഇയാളെ ഷാപ്പിൽ കണ്ടതാണ്. മരണം ഒരു കൊലപാതകമാണെന്ന് സംശയിക്കുന്നതായി മകൻ ഉണ്ണികൃഷ്ണൻ പോലീസിന് പരാതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിക്കും അവർ പരാതി നൽകിയിട്ടുണ്ട്. ശങ്കരന്റെ മരണ കാരണം പുറത്തുകൊണ്ടുവരുന്നതിന് ഊർജ്ജിത അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ശങ്കരൻ ചൂരക്കാട് സത്രംപുഴയുടെ തീരത്തുള്ള പുരയിടത്തിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഇതു സംബന്ധിച്ച് ശങ്കരന്റെ ഭാര്യാസഹോദരന്റെ പരാതി പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് എടുത്ത് അന്വേഷണം നടത്തിവരുന്നു. നിരവധി പേരെ ചോദ്യം ചെയ്തതിൽ നിന്ന് വ്യക്തമായ സൂചനകളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. രാസപരിശോധനാഫലം ലഭിച്ചെങ്കിൽ മാത്രമേ മരണകാരണം വ്യക്തമാകൂ എന്നാണ് പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ഡോക്ടർ പറഞ്ഞിരിക്കുന്നത്. അവിടെ മണ്ണാർക്കാട് പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. രാസപരിശോധനാ ഫലം കൂടി കിട്ടിയശേഷം ഇതുസംബന്ധിച്ചുള്ള നടപടിക്രമം ആരംഭിക്കുന്നതാണ്.

(5) വർക്കല നിയോജകമണ്ഡലത്തിലെ ഗോമതി എന്ന വൃദ്ധ പീഡനംമൂലം മരിക്കാനിടയായ സംഭവം

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒറ്റൂർ ഞായലിൽ ഒറ്റയ്ക്ക് താമസിക്കുന്ന 74 വയസ്സുള്ള അമ്മയെ ദേഹമാസകലം

LIBRARY ARCHIVES Kerala Legislative Assembly

പീഡിപ്പിച്ച സാമൂഹ്യവിരുദ്ധരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതു് കേരളീയ സമൂഹത്തിന്റെ ആവശ്യമാണു്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഒറ്റയ്ക്കു് വരുന്ന വൃദ്ധജനങ്ങളുടെ എണ്ണം പെരുകുകയാണു്. കിരാതന്മാരുടെ ക്രൂരതയ്ക്കു് ഒരു പരിധിവരെ ഇരുവരും എറിഞ്ഞുകൊടുക്കേണ്ടിവന്നു. യഥാർത്ഥ കുറ്റക്കാരിൽ ഒരാളും രക്ഷപ്പെടാതെ കോടതി നടപടികളും ശ്രദ്ധിച്ചു് അതിൻ പഴുതടച്ചു് കുറ്റവാളികളും യഥാസമയം ശിക്ഷിക്കപ്പെടുന്ന രീതിയിൽ ചാർജ്ജ് ഷീറ്റ് നൽകുവാൻ നടപടികളുണ്ടാകണമെന്നു് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് നമ്മുടെ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഒരു വസ്തുതയാണു്. 74 വയസ്സുള്ള ഗോമതി എന്ന വൃദ്ധയെ 19-6-2005-നു് രാത്രി എട്ടാനും പേർ ചേർന്നു് പീഡിപ്പിച്ചു് പരിക്കൽപ്പിച്ചു. അതിനു് കേസു് എടുത്തിട്ടുണ്ടു്. ചിറയിൻകീഴു് താലൂക്കു് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലും എസ്.എ.റ്റി. ആശുപത്രിയിലും ചികിൽസയിൽ ആയിരുന്നു. തുടർന്നു് ജനറൽ ആശുപത്രിയിൽ ചികിൽസയിലിരിക്കേ 25-7-2005-നു് മരിച്ചുപോയി. ആറു് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടു്. അതിൽ രണ്ടു് പേരെ ഗോമതിയുടെ മരണത്തിനു് മുമ്പുതന്നെ അറസ്റ്റു് ചെയ്തു് കോടതിയിൽ ഹാജരാക്കിയിരുന്നു. മറ്റു് 4 പേരിൽ മൂന്നു പേരെ 26-7-2005-നും ഒരു പ്രതിയെ 30-7-2005-നും അറസ്റ്റു് ചെയ്തു് കോടതിയിൽ ഹാജരാക്കി അവരെ റിമാൻഡു് ചെയ്തിരിക്കയാണു്. ഇക്കാര്യത്തിൽ ശക്തമായ നടപടികളും സ്വീകരിക്കുന്നതാണു്.

(6) ചാലക്കുടി നിയോജകമണ്ഡലത്തിലെ നിരഞ്ചിറയിൽ ലോനപ്പൻ എന്ന ആളിന്റെ കുടുംബത്തിനു് ധനസഹായം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഈ കഴിഞ്ഞ ശനിയാഴ്ച എന്റെ നിയോജകമണ്ഡലത്തിലെ നിരഞ്ചിറയിൽ തീർത്തും നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. അടുക്കളയിലെ സ്റ്റൗ പൊട്ടിത്തെറിച്ചു് കുടുംബനാഥൻ ലോനപ്പന്റെ ഭാര്യ റോസ്ലിൻ മരിച്ചുപോയി. പല കഷ്ണങ്ങളായി അവരുടെ ശരീരം പൊട്ടിത്തെറിച്ചു് പോയിരുന്നു. കർക്കിടകമാസം ആയതുകൊണ്ടു് കോഴി മരുന്നു് ഉണ്ടാക്കുകയായിരുന്നു ഈ വീട്ടമ്മ, നെയ്യിൻമേൽ തീയാളി. അടുക്കള വാതിൽ പുറത്തു് നിരഞ്ചിറ പള്ളിയിലെ തിരുനാളിനു് ഉപയോഗിച്ചിരുന്ന പടക്കത്തിൽ കുറച്ചു് ബാക്കിയുണ്ടായിരുന്നതു് തണുപ്പുമാറ്റാൻ വച്ചിരുന്നതായി അറിയുന്നു. പടക്കത്തിൻമേൽ തീയാളിപ്പടർന്നാണു് ദുരന്തമുണ്ടായതു്. ഭാര്യയുടെ മൃതദേഹം കണ്ട ഭർത്താവു് ലോനപ്പൻ അതുവരെ കരഞ്ഞിരുന്ന ലോനപ്പൻ പെട്ടെന്നു് മിണ്ടാട്ടം മുട്ടി കൈക്കും കാലിനും ഒടിവായി സംസാരശേഷിയില്ലാതെയായി ആശുപത്രിയിലാണു്. 19 വയസ്സുള്ള മകൾ ജാൻസി ശരീരത്തിന്റെ മുൻവശത്തുമാത്രമേ അൽപ്പം പൊള്ളലേൽക്കാതെയുള്ളു. മെഡിക്കൽ റിപ്പോർട്ടു് അനുസരിച്ചു് 62% പൊള്ളലേറ്റിട്ടുണ്ടു്. തുടയിൽ നിന്നും മറ്റും മാംസഭാഗങ്ങളും തെറിച്ചുപോയി. ബോധം നഷ്ടപ്പെടാതെ ഉരുകിക്കിടക്കുകയാണു്. പത്താം ക്ലാസ്സുകാരി ഇളയമകൾ ജാസ്മിൻ കൈക്കും കാലിനും ഫ്രാക്ചറായി ഇന്നു് ഇപ്പോൾ ഓപ്പറേഷനു് വിധേയമായിക്കൊണ്ടിരിക്കുകയാണു്. 75 വയസ്സുള്ള അപ്പൻ തലയിൽ സ്റ്റിച്ചു് ഉൾപ്പെടെ മാരകമായ മുറിവുകളേറ്റു് ചികിത്സയിലാണു്. പിതൃസഹോദരി മേരി ശരീരമാസകലം ചതഞ്ഞു് കിടക്കുന്നു. വീടു് തകർന്നുപോയി. ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങളും മുഴുവൻ ഇപ്പോൾ അങ്ങയുടെ നിയോജകമണ്ഡലത്തിലെ തൃശ്ശൂർ മിഷൻ

LIBRARY ARCHIVES Kerala Legislative Assembly